Private Educational Institutions.

©
Government of Kerala
കേരള സർക്കാർ
2011

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസറ്റ്
## EXTRAORDINARY
അസാധാരണം
## PUBLISHED BY AUTHORITY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. LVI<br>വാല്യം 56 | Thiruvananthapuram, Monday<br>തിരുവനന്തപുരം, തിങ്കൾ | 26th September 2011<br>2011 സെപ്റ്റംബർ 26<br>4th Aswina 1933<br>1933 ആശ്വിനം 4 | No. നമ്പർ 1813 |

GOVERNMENT OF KERALA

**Labour and Rehabilitation (E) Department**

NOTIFICATION

G. O. (P) No. 155/2011/LBR. *Dated, Thiruvananthapuram, 12th September, 2011.*

**S. R. O. No. 612/2011.**—In exercise of the powers conferred by clause (a) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act XI of 1948) read with sub-section (2) of section 5 thereof, the Government of Kerala after considering the objections and suggestions received on the draft proposal previously published under Notification No. 24090/E1/2006/LBR dated 29th December, 2010 in the Kerala Gazette Extraordinary No. 2966 dated 31st December, 2010 as required under clause (b) of sub-section (1) of section 5 of the said Act and in consultation with the Minimum Wages Advisory Board

constituted under section 7 of the said Act, hereby fix the minimum rates of wages payable to the employees employed in the Employment in the "Private Education Institutions (Non teaching)" in the State of Kerala as specified in the Schedule hereto annexed and fix the date of publication of this notification in the Gazette as the date from which the rates shall come into force.

SCHEDULE

**I. Pay Scale for calculating Monthly Wages**

| *Sl. No.* | *Category/Posts* | *Scale of Pay* |
|---|---|---|
| (1) | (2) | (3) |
| 1 | Administrator/Administrative Officer/Site Engineer | 8200-200-9200-240-10400 |
| 2 | Accounts Officer/Placement Officer/Chief Accountant | 7400-180-8300-200-9300 |
| 3 | Office Superintendent/Office Manager/ Administrative Assistant | 6800-160-7600-180-8500 |
| 4 | System Administrator/Vehicle Supervisor/Site Supervisor/Computer Programmer/Draftsman/Head Clerk | 6200-140-6900-160-7700 |
| 5 | Librarian/Sergeant/Hardware Technician/Instrument Mechanic Placement Assistant/Data Processing Assistant/Senior Accountant/Upper Division Clerk/Upper Division Typist | 5600-130-6250-150-7000 |
| 6 | Artists/Stenographer/Personal Secretary/Computer Operator/Boiler Operator | 5300-120-5900-135-6575 |

| (1) | (2) | (3) |
|---|---|---|
| 7 | L. D. Clerk/L. D. Typist/Office Assistant/ Junior Accountant/Assistant Accountant/ Cashier/Store Keeper/Copiest/Record Keeper/ Telephone Operator/D. T. P. Operator/ Driver/Herbarium Keeper/Taxi Dermist/ Tradesman/Boiler Assistant/Assistant Librarian/Mechanic/Electrician/Plumber | 5050-100-5550-120-6150 |
| 8 | Lab Assistant/Store Assistant/Garden Supervisor/Binder/Cinema Operator/ Projectionist/Audio Visual Trailer Operator/ Lift Operator | 4800-80-5200-100-5700 |
| 9 | Lab Attendar/Library Attendar/Specimen Collector/Vehicle Helper/Conductor | 4600-75-4975-90-5425 |
| 10 | Office Attendar/Peon/Helper/Packer/ Groundsman/Marker/Gardener/ Watchman/Security Guard/Cleaner | 4400-60-4700-75-5075 |
| 11 | Sweeper/Aaya | 4000-50-4250-60-4550 |

**II. Dearness Allowance**

(1) In addition to the basic pay of the employees, Dearness Allowance shall be paid on the basis of Consumer Price Index Number (1998-99=100) published by the State Economics and Statistics Department for the concerned District Headquarters at the rate of ₹ 23.40 (Rupees Twenty three and Fourty paise) for each point enhanced above the 130 points.

(2) Since seperate Consumer Price Index Number has not been fixed for Idukki and Wayanad Districts Headquarters, Dearness Allowance shall be paid Idukki and Wayanad Districts on the basis of the Consumer Price Index Number published for Munnar and Meppadi Centres respectively.

## III. Service Weightage

The employees who have completed a total service of not less than 5 years under an employer, shall be eligible for service weightage for each five years of service with an increment subject to a maximum of 3 increments, from the date of this notification.

## IV. Sanctioning of grade

Posts in the Cadre of Upper Division Clerk shall be sanctioned to those employees who have completed 10 years of service in the Cadre of L. D. Clerk, Office Assistant, Copiest and Cashier, Posts in the cadre of U. D. Typists in the case of L. D. Typist who have completed 10 years of service Post in the cadre of Senior Accountant to those Accountants, Assistant Accountant who have completed 10 years service. While the Service Weightage for this purpose thus conisidered, it shall be the service under only one employer.

## V. Protection

(1) If any of posts is not seen included in the Schedule shown above, they shall be sanctioned the scale of pay equivalent to the post.

(2) Wherever the employees who are actually in receipt of higher wages than the Minimum wages fixed above, and the benefits thereof such higher wages and benefits shall be continued.

(3) The existing house rent allowance or any other allowances now being received in addition to the pay shall be continued.

(4) Those employees who are drawing Scale of Pay and other allowance as that of the Government Employees and those who draw the pay direct from the Consolidated Fund of the Government shall not be governed by this notification as long as it is not less than that of benefit under this notification.

**VI. Fixing of Salary**

Fixation of pay of the employees shall be on the following criteria, that is:—

(1) If the existing basic pay is less than the minimum of basic pay on the scale of pay of above Schedule, the pay shall be fixed in the minimum of the scale of pay of the Schedule.

(2) If the existing basic pay comes in between the scale of pay, the monthly salary shall be fixed on the next stage of the Scale of pay.

(3) For fixing the basic pay, the eligible Dearness Allowance as the date of the notification shall be deducted from the aggregate amount including pay and Dearness Allowance and the remaining amount shall be fixed as basic pay and given as monthly salary.

**VII.** For calculation of daily wages for categories fixed as monthly pay, it shall be 1/26th part of the aggregate of the minimum of the particular Scale of Pay together with its Dearness Allowance.

By order of the Governor,

ANIL, X.,
*Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

After considering the objections and suggestions received on the preliminary notification issued as per No. 24090/E1/2006/LBR dated 29th December, 2010 as provided under clause (b) of sub-section (1) of section 5 of the Minimum Wages Act, 1948 and in consultation with the Minimum Wages Advisory Board, Government have decided to fix the minimum rates of wages payable to the employees who are employed in "Private Education Institutions (Non-teaching)"Sector in the State of Kerala.

This notification is intended to achieve the above object.

# കേരള സർക്കാർ

തൊഴിലും പുനരധിവാസവും (ഇ) വകുപ്പ്

## വിജ്ഞാപനം

ജി. ഒ. (പി) നമ്പർ 155/2011/തൊഴിൽ. *തിരുവനന്തപുരം, 2011 സെപ്റ്റംബർ 12.*

**എസ്. ആർ. ഒ. നമ്പർ 612/2011.**—1948-ലെ മിനിമം വേജസ് ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (എ) ഖണ്ഡം 5-ാം വകുപ്പ് (2)-ാം ഉപവകുപ്പുമായി കൂട്ടിവായിച്ച പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും പ്രസ്തുത ആക്റ്റിന്റെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം അനുശാസിക്കുന്ന പ്രകാരം 2010 ഡിസംബർ 31-ാം തീയതിയിലെ 2966-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2010 ഡിസംബർ 29-ാം തീയതിയിലെ 24090/ഇ1/2006/തൊഴിൽ എന്ന നമ്പരായി പ്രസിദ്ധീകരിച്ച പ്രാഥമിക വിജ്ഞാപനത്തിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും, പ്രസ്തുത ആക്റ്റിന്റെ 7-ാം വകുപ്പ് പ്രകാരം രൂപീകരിച്ച മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശവും പരിഗണിച്ചതിനു ശേഷം, കേരള സർക്കാർ, സംസ്ഥാനത്തെ "സ്വകാര്യ വിദ്യാഭ്യാസ സ്ഥാപന തൊഴിൽ മേഖല"യിൽ അദ്ധ്യാപകേതരവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്ന പ്രകാരം ഇതിനാൽ നിശ്ചയിക്കുകയും ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതി മുതൽ പ്രസ്തുത നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയായി നിശ്ചയിക്കുകയും ചെയ്യുന്നു.

## പട്ടിക

**I. പ്രതിമാസ അടിസ്ഥാന വേതനം നിർണ്ണയിക്കുന്നതിനുള്ള ശമ്പള സ്കെയിൽ**

| *ക്രമ നമ്പർ* | *വിഭാഗം/തസ്തികകൾ* | *ശമ്പള സ്കെയിൽ* |
|---|---|---|
| (1) | (2) | (3) |
| 1 | അഡ്മിനിസ്ട്രേറ്റർ/അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ സൈറ്റ് എഞ്ചിനീയർ | 8200-200-9200-240-10400 |
| 2 | അക്കൗണ്ട്സ് ഓഫീസർ/പ്ലെയിസ്മെന്റ് ഓഫീസർ/ ചീഫ് അക്കൗണ്ടന്റ് | 7400-180-8300-200-9300 |
| 3 | ഓഫീസ് സൂപ്രണ്ട്/ഓഫീസ് മാനേജർ/ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | 6800-160-7600-180-8500 |
| 4 | സിസ്റ്റം അഡ്മിനിസ്ട്രേറ്റർ/വെഹിക്കിൾ സൂപ്പർവൈസർ/ സൈറ്റ് സൂപ്പർവൈസർ/കമ്പ്യൂട്ടർ പ്രോഗ്രാമർ/ ഡ്രാഫ്റ്റ്സ്മാൻ/ഹെഡ് ക്ലാർക്ക് | 6200-140-6900-160-7700 |

| (1) | (2) | (3) |
|---|---|---|
| 5 | ലൈബ്രേറിയൻ/സാർജന്റ്/ഹാർഡ്‌വെയർ ടെക്നീഷ്യൻ/ഇൻസ്ട്രുമെന്റ് മെക്കാനിക്ക് പ്ലെയിസ്‌മെന്റ് അസിസ്റ്റന്റ്/ഡാറ്റാ പ്രോസസ്സിംഗ് അസിസ്റ്റന്റ്/സീനിയർ അക്കൗണ്ടന്റ്/അപ്പർ ഡിവിഷൻ ക്ലാർക്ക്/അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റ് | 5600-130-6250-150-7000 |
| 6 | ആർട്ടിസ്റ്റ്സ്/സ്റ്റെനോഗ്രാഫർ/പേഴ്സണൽ സെക്രട്ടറി/കമ്പ്യൂട്ടർ ഓപ്പറേറ്റർ/ബോയിലർ ഓപ്പറേറ്റർ | 5300-120-5900-135-6575 |
| 7 | എൽ. ഡി. ക്ലാർക്ക്/എൽ. ഡി. ടൈപ്പിസ്റ്റ്/ഓഫീസ അസിസ്റ്റന്റ്/ജൂനിയർ അക്കൗണ്ടന്റ്/അസിസ്റ്റന്റ് അക്കൗണ്ടന്റ്/കാഷ്യർ/സ്റ്റോർ കീപ്പർ/കോപ്പിയിസ്റ്റ്/റിക്കോർഡ് കീപ്പർ/ടെലഫോൺ ഓപ്പറേറ്റർ/ഡി.റ്റി.പി. ഓപ്പറേറ്റർ/ഡ്രൈവർ/ഹെർബേറിയം കീപ്പർ/ടാക്സിഡർമിസ്റ്റ്/ട്രേഡ്സ്‌മാൻ/ബോയ്‌ലർ അസിസ്റ്റന്റ്/അസിസ്റ്റന്റ് ലൈബ്രേറിയൻ/മെക്കാനിക്/ഇലക്ട്രീഷ്യൻ/പ്ലംബർ | 5050-100-5550-120-6150 |
| 8 | ലാബ് അസിസ്റ്റന്റ്/സ്റ്റോർ അസിസ്റ്റന്റ്/ഗാർഡൻ സൂപ്പർവൈസർ/ബൈൻഡർ/സിനിമാ ഓപ്പറേറ്റർ/പ്രൊജക്ഷനിസ്റ്റ്/ഓഡിയോ വിഷ്വൽ ട്രെയ്‌ലർ ഓപ്പറേറ്റർ/ലിഫ്റ്റ് ഓപ്പറേറ്റർ | 4800-80-5200-100-5700 |
| 9 | ലാബ് അറ്റന്റർ/ലൈബ്രറി അറ്റന്റർ/സ്പെസിമെൻ കളക്ടർ/വെഹിക്കിൾ ഹെൽപ്പർ/കണ്ടക്ടർ | 4600-75-4975-90-5425 |
| 10 | ഓഫീസ് അറ്റന്റർ/പ്യൂൺ/ഹെൽപ്പർ/പാക്കർ/ഗ്രൗണ്ട്സ്‌മാൻ/മാർക്കർ/ഗാർഡനർ/വാച്ച്‌മാൻ/സെക്യൂരിറ്റി ഗാർഡ്/ക്ലീനർ | 4400-60-4700-75-5075 |
| 11 | സ്വീപ്പർ/ആയ | 4000-50-4250-60-4550 |

## II. ക്ഷാമബത്ത

(1) അടിസ്ഥാന വേതനത്തിനുപുറമേ സംസ്ഥാന എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് അതാത് ജില്ലാ ആസ്ഥാനങ്ങൾക്കുവേണ്ടി പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃവിലസൂചികയിൽ (1998-99=100) 130 പോയിന്റിനുമുകളിൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും പ്രതിമാസം 23 രൂപ 40 പൈസ (ഇരുപത്തിമൂന്ന് രൂപ നാൽപ്പത് പൈസ) നിരക്കിൽ ക്ഷാമബത്ത നൽകേണ്ടതാണ്.

(2) ഇടുക്കി, വയനാട് എന്നീ ജില്ലകൾക്കുവേണ്ടി പ്രത്യേകമായി ജീവിത വിലസൂചിക നിശ്ചയിച്ചിട്ടില്ലാത്തതിനാൽ, മേൽ ജില്ലകൾക്ക് യഥാക്രമം മൂന്നാർ, മേപ്പാടി എന്നീ കേന്ദ്രങ്ങൾക്കുവേണ്ടി പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃ വിലസൂചികയുടെ അടിസ്ഥാനത്തിൽ ക്ഷാമബത്ത കണക്കാക്കേണ്ടതാണ്.

## III. സർവ്വീസ് വെയിറ്റേജ്

ഈ വിജ്ഞാപനം പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഒരു തൊഴിലുടമയുടെ കീഴിൽ അഞ്ച് വർഷത്തിൽ കുറയാത്ത കാലം സേവനം പൂർത്തിയാക്കിയ ജീവനക്കാർക്ക് ഓരോ അഞ്ചുവർഷത്തെ സേവന കാലയളവിനും ഒരു ഇൻക്രിമെന്റ് എന്ന നിരക്കിൽ, പരമാവധി മൂന്ന് ഇൻക്രിമെന്റ് എന്ന പരിധിയിൽ, സർവ്വീസ് വെയിറ്റേജ് നൽകിയിരിക്കേണ്ടതാണ്.

## IV. ഗ്രേഡ് അനുവദിക്കൽ

എൽ. ഡി. ക്ലാർക്ക്, ഓഫീസ് അസിസ്റ്റന്റ്, കോപ്പിയിസ്റ്റ്, കാഷ്യർ എന്നീ വിഭാഗം ജീവനക്കാർക്ക് അവർ പത്ത് വർഷത്തെ സേവനം പൂർത്തിയാക്കുന്ന മുറയ്ക്ക് അപ്പർ ഡിവിഷൻ ക്ലാർക്കിന്റെയും എൽ.ഡി. ടൈപ്പിസ്റ്റ് പത്ത് വർഷത്തെ സേവനം പൂർത്തിയാക്കുന്ന മുറയ്ക്ക് അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റിന്റെയും, ജൂനിയർ അക്കൗണ്ടന്റ്, അസിസ്റ്റന്റ് അക്കൗണ്ടന്റ് എന്നിവർക്ക് പത്ത് വർഷത്തെ സേവനം പൂർത്തിയാക്കുന്ന മുറയ്ക്ക് സീനിയർ അക്കൗണ്ടന്റിന്റെയും തസ്തിക അനുവദിക്കേണ്ടതാണ്. ഒരു തൊഴിലുടമയുടെ കീഴിലുള്ള സേവനകാലം മാത്രമേ ഗ്രേഡ് അനുവദിക്കുന്നതിന് കണക്കിലെടുക്കേണ്ടതുള്ളു.

## V. സംരക്ഷണം

(1) ഏതെങ്കിലും തസ്തിക മുകളിൽ കൊടുത്തിരിക്കുന്ന പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ, സമാനപദവിയിലുള്ള തസ്തികയുടെ ശമ്പളസ്കെയിൽ അനുവദിക്കേണ്ടതാണ്.

(2) പട്ടികയിൽ കാണിച്ച വേതനനിരക്കിനേക്കാൾ ഉയർന്ന വേതനനിരക്കും മറ്റ് ആനുകൂല്യങ്ങളും ലഭിച്ചുവരുന്ന ജീവനക്കാർക്ക്, തുടർന്നും അത്തരം ഉയർന്ന വേതനവും മറ്റ് ആനുകൂല്യങ്ങളും നൽകേണ്ടതാണ്.

(3) നിലവിൽ ശമ്പളത്തിന് പുറമേ, വീട്ടുവാടക അലവൻസോ മറ്റ് അലവൻസുകളോ ലഭിച്ചുവരുന്ന ജീവനക്കാർക്ക് അവ തുടർന്നും നൽകേണ്ടതാണ്.

(4) സർക്കാർ സർവ്വീസിലുള്ള ജീവനക്കാരുടെ ശമ്പള സ്കെയിലും മറ്റ് ആനുകൂല്യങ്ങളും അതേ നിരക്കിൽ കൈപ്പറ്റിക്കൊണ്ടിരിക്കുന്നവർക്കും സർക്കാരിന്റെ സഞ്ചിത നിധിയിൽ നിന്ന് നേരിട്ട് ശമ്പളം ലഭിക്കുന്നവർക്കും ഈ വിജ്ഞാപനത്തിലെ യാതൊന്നും, അത് ഈ വിജ്ഞാപനത്തിലെ ആനുകൂല്യങ്ങളെക്കാൾ കുറയാത്തിടത്തോളം, ബാധകമായിരിക്കുന്നതല്ല.

## VI. ശമ്പളനിർണ്ണയം

ജീവനക്കാരുടെ ശമ്പള പുനർനിർണ്ണയം താഴെപ്പറയുന്ന മാനദണ്ഡങ്ങൾക്ക് അനുസൃതമായി നിശ്ചയിക്കേണ്ടതാണ്, അതായത് :—

(1) നിലവിൽ കിട്ടിക്കൊണ്ടിരിക്കുന്ന അടിസ്ഥാനവേതനം മുകളിൽ കൊടുത്തിരിക്കുന്ന പട്ടികയിലെ ശമ്പളസ്കെയിലിലെ മിനിമത്തിൽ കുറവാണെങ്കിൽ, മിനിമത്തിൽ നിശ്ചയിച്ച് മാസശമ്പളം നൽകേണ്ടതാണ്.

(2) നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന അടിസ്ഥാന വേതനം ശമ്പളസ്കെയിലിനിടയിൽ വരുന്ന പക്ഷം, ശമ്പള സ്കെയിലിലെ തൊട്ടടുത്ത സ്റ്റേജിൽ നിശ്ചയിച്ച് മാസശമ്പളം നൽകേണ്ടതാണ്.

(3) അടിസ്ഥാന ശമ്പളം കണക്കാക്കുന്നതിന്, ശമ്പളവും ക്ഷാമബത്തയും ഉൾപ്പെട്ട മൊത്തം തുകയിൽ നിന്ന് ഈ വിജ്ഞാപനം പ്രാബല്യത്തിൽ വരുന്ന തീയതിയിൽ അർഹതപ്പെട്ട ക്ഷാമബത്ത തുക കുറവ്ചെയ്ത്, ബാക്കി വരുന്ന തുക അടിസ്ഥാന വേതനമായി നിശ്ചയിച്ച് മാസ ശമ്പളം നൽകേണ്ടതാണ്.

**VII.** മാസവേതനം നിശ്ചയിച്ചിട്ടുള്ള ഏതെങ്കിലും തസ്തികയിൽ ദിവസവേതനം കണക്കാക്കുന്നതിന് നിർദ്ദിഷ്ട സ്കെയിലിലെ മിനിമം തുകയും ക്ഷാമബത്തയും ചേർത്ത തുകയുടെ 26-ൽ ഒരു ഭാഗമായി കണക്കാക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

അനിൽ, എക്സ്.,
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

കേരള സംസ്ഥാനത്തെ "സ്വകാര്യ വിദ്യാഭ്യാസ സ്ഥാപന തൊഴിൽ മേഖല"യിൽ അദ്ധ്യാപകേതരവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിന് 1948-ലെ മിനിമം വേജസ് ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം 2010 ഡിസംബർ 29-ാം തീയതിയിലെ 24090/ഇ1/2006/തൊഴിൽ നമ്പർ പ്രാഥമിക വിജ്ഞാപനത്തിൻമേൽ ലഭിച്ച ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ടും മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശവും പരിഗണിച്ചതിനുശേഷവും പ്രസ്തുത മേഖലയിലെ തൊഴിലാളികളുടെ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ നിശ്ചയിക്കുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2011.

33/3567/11